## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 911 11.06.2014 ൽ മറുപടിയ്ക്ക്

### പട്ടികജാതി വികസനക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക

ചോദ്യം ഉത്തരം

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ; | (എ) | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി 83950 ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത പദ്ധതി ഇനത്തിലും 19694 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത പദ്ധതി ഇനത്തിലും ഉൾപ്പെടെ ആകെ 103644 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ 2014 മാർച്ച് 31 വരെ അനുവദിച്ച തുക എത്രയാണെന്നും അതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കാമോ ; | (ബി) | (see table below) |
| (സി) | ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കാതിരിന്നെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ? | (സി) | ഭവനനിർമ്മാണ ധനസഹായ വിതരണം ബാങ്കുകൾ വഴി നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി 2013-14 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെയാണ് ധനസഹായ വിതരണം ഇ-ഹൗസിംഗ് മുഖേന ആരംഭിക്കാൻ കഴിഞ്ഞത്. ഭവന പുനരുദ്ധാരണ പദ്ധതിയും 2014 മാർച്ച് മാസത്തിലാണ് ആരംഭിക്കുവാൻ സാധിച്ചത്. ആയതിനാൽ പദ്ധതികൾക്ക് വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചില്ല.<br>2225-01-800-86 എന്ന ശീർഷകത്തിൽ (50% CSS) മിശ്രവിവാഹ ധനസഹായത്തിനുള്ള അപേക്ഷകരുടെ എണ്ണം കുറവായതിനാൽ പൂർണ്ണമായും ചെലവഴിക്കാനായില്ല. |

(ബി)

| ക്രമ നം. | പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | സംസ്ഥാനാവിഷ്കൃത പദ്ധതി | 83950.00 ലക്ഷം | 74094.35 ലക്ഷം |
| 2 | കേന്ദ്രാവിഷ്കൃത പദ്ധതി | 19694.00 ലക്ഷം | 17662.78232 ലക്ഷം |

Sali. K.J
സെക്ഷൻ ഓഫീസർ